"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-എറണാകുളം ജില്ലാ പഞ്ചായത്ത്-സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് നവീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.286/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

പരാമർശം:-
1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2021, 08.11.2021 എന്നീ തീയ്യതികളിലെ കത്തുകൾ.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ലെ 4.49 നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ 2.3(11) ഖണ്ഡിക 4.41 നമ്പർ തീരുമാനം.

ഉത്തരവ്

എറണാകുളം ജില്ലയിൽ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സംരംഭമായി 2013-14 വർഷം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ആരംഭിച്ച ഒരു നാപ്കിൻ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിലവിലെ മെഷീൻ കാലഹരണപ്പെട്ടതിനാൽ ഉല്പന്നമായ നാപ്കിന്റെ ഗുണനിലവാരം മോശമായതിനാലും യൂണിറ്റ് നഷ്ടത്തിലായതിനാലും ഈ മെഷിനു പകരം ആധുനിക രീതിയിലുള്ള മെഷീൻ വാങ്ങി യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിനായി 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വച്ചിരിക്കുന്നു ഒരു യൂണിറ്റിനു തന്നെ ഇത്രയധികം തുക സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകാവുന്നതല്ല എന്നതിനാൽ പ്രത്യേകാനുമതി നൽകണമെന്നു സംബന്ധിച്ച എറണാകുളം ജില്ലാ പഞ്ചായത്തിന്റെ അപേക്ഷയിൽ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

2. ഗുണമേന്മയുള്ള സാനിറ്ററി നാപ്കിൻ നിർമ്മാണ യന്ത്രത്തിന് ശരാശരി 10.50 ലക്ഷം രൂപ ആവശ്യമാണ്. എന്നാൽ ഓട്ടോമാറ്റിക് യന്ത്രത്തിന് ശരാശരി 2 0 ലക്ഷം രൂപയാണ് വിലവരുന്നത്. ഇതുകൂടാതെ നിർമ്മിച്ച നാപ്കിനുകൾ പാക്ക് ചെയ്യുന്നതിന് മുമ്പ് യുവി സ്റ്റെറിലൈസേഷൻ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം ഒരു സ്റ്ററിലൈസർ വാങ്ങുന്നതിന് 59,000/- രൂപ ചെലവു വരുന്നതാണ് കൂടാതെ യന്ത്രങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഇൻസ്റ്റലേഷൻ ചാർജ്ജും ഇതോടൊപ്പം വരുന്നതാണ്. സാനിറ്ററി നാപ്കിൻ ഒരെണ്ണം 3 രൂപ നിരക്കിലാണ് വിപണനം ചെയ്ത് വരുന്നത്. നൂതന യന്ത്ര സാമഗ്രികൾ വഴി ഉത്പാദനം നടത്തുകയാണെങ്കിൽ ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതോടൊപ്പം ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും ഇതിലൂടെ കുറഞ്ഞ നിരക്കിൽ ഉത്പന്നം വിപണനം ചെയ്യുന്നതിനും ഇതിലൂടെ വിപണിയിലെ മറ്റ് ഉത്പന്നങ്ങളുമായി കിടപിടിച്ച് വിപണി കയ്യടക്കുന്നതിന് സാധിക്കുന്നതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് യന്ത്രം വാങ്ങി യൂണിറ്റ് നവീകരിക്കുന്നതിന് പ്രോജക്ടിൽ പറഞ്ഞ തുക ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ